"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - പത്തനംതിട്ട ജില്ലാ പ്രൊബേഷൻ ഓഫീസിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുരേഷ് കുമാർ. സി. എസ്-ന്റെ മകളുടെ ചികിൽസയ്ക്ക് ചെലവായ തുകയിൽ അനുവദനീയമായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.33/2024/SJD തീയതി,തിരുവനന്തപുരം, 31-01-2024

---

പരാമർശം:-

1. പത്തനംതിട്ട ജില്ലാ പ്രൊബേഷൻ ഓഫീസിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുരേഷ് കുമാർ. സി. എസ്-ന്റെ 24.12.2020-ല അപേക്ഷ.
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 29.10.2021, 24.04.2023 , 16.01.2024 എന്നീ തീയതികളിലെ എസ്.ജെ.ഡി/139/2021-ബി.1 നമ്പർ കത്തുകൾ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.03.2023-ലെ (എൽ.ഡിസ്).എം.ആർ.5-22213/2022/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലാ പ്രൊബേഷൻ ഓഫീസിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുരേഷ് കുമാർ. സി.എസ്-ന്റെ മകൾക്ക് മൾട്ടിപ്പിൾ സ്ക്ലീറോസിസ് & ആർ.ആർ.എം.എസ് രോഗത്തിന് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ 24.10.2020 മുതൽ 30.10.2020 വരെ നടത്തിയ ചികിൽസയ്ക്ക് ചെലവായ 1,17,206/- രൂപ പ്രതിപൂരണം ചെയ്ത് നൽകുന്നതിന് ടിയാൻ പരാമർശം 1- പ്രകാരമുള്ള അപേക്ഷ ശുപാർശ ചെയ്ത് പ്രത്യേകാനുമതിയ്ക്കായി പരാമർശം 2-പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ പരാമർശിക്കുന്ന തുകയിൽ 65,528/- രൂപ അനുവദനീയമാണെന്ന് പരാമർശം 3-പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പിന് കീഴിലെ പത്തനംതിട്ട ജില്ലാ പ്രൊബേഷൻ ഓഫീസിൽ പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ശ്രീ. സുരേഷ് കുമാർ. സി. എസ്-ന്റെ മകളുടെ ചികിൽസയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ 24.10.2020 മുതൽ 30.10.2020 വരെയുള്ള കാലയളവിൽ ആകെ ചെലവായ 1,17,206/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിട്ടുള്ള 65,528/- രൂപയുടെ 80% ആയ 52,502/- രൂപ (അമ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി രണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന്

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക്  അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദിലീപ് കുമാർ.റ്റി.ഐ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
(ശ്രീ. സുരേഷ് കുമാർ. സി.എസ്-ന്റെ മെഡിക്കൽ അപേക്ഷയും, അനുബന്ധ രേഖകളും  ഇതോടൊപ്പം തിരികെ അയക്കുന്നു. ആയത് കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് (ടി വകുപ്പിന്റെ 19.02.2022-ലെ ജി.2/1729/2021/ആ.കു.വ നമ്പർ കുറിപ്പ് പ്രകാരം)
ധനകാര്യ (ലോൺസ്.എൽ) വകുപ്പ് ( 2606275/ലോൺസ്-എൽ.1/431/2023/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ ഡിവിഷൻ, വിവരപൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
Date: 02-02-2024 10:58:17

സെക്ഷൻ ഓഫീസർ